## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3397** **14-07-2022 - ൽ മറുപടിയ്ക്ക്**

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മഴക്കെടുതി നഷ്ടപരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2021 ഒക്ടോബറിലുണ്ടായ കനത്ത മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും കൃഷിഭൂമിക്കും കാർഷികവിളകൾക്കും ഉണ്ടായ നാശനഷ്ടങ്ങൾക്ക് കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിൽ മഴക്കെടുതിമൂലം തകർന്ന കൃഷി ഭൂമികൾ വീണ്ടും കൃഷിയോഗ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പഞ്ചായത്തുകളിൽ മണ്ണ് പരിശോധനാ ക്യാമ്പയിൻ നടത്തുകയും, കുമ്മായം, ജൈവവളം എന്നിവ വിതരണം നടത്തുകയും ചെയ്തു. കൂടാതെ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് കയ്യാല പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുകയും, വിത്ത് നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഉല്പാദന വർദ്ധനവിനും വിള വിസ്തൃതി വർദ്ധനവിനും സഹായകരമായ പദ്ധതികളോടൊപ്പം കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ലഭ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിനായി കാർഷിക വിപണികളിലൂടെ കാർഷിക ഉത്പന്ന സംഭരണവും കൂടാതെ അടിസ്ഥാന വില ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ മുതലായവ മുഖേന അവിചാരിതമായ കാരണങ്ങളാൽ ഉണ്ടാകുന്ന കൃഷിനാശം നേരിടാനായി സംസ്ഥാന കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികളും വിളനാശത്തിനുള്ള ആനുകൂല്യം നൽകുന്ന പദ്ധതികളും നടപ്പിലാക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കിയും കാലാകാലങ്ങളിൽ വായ്പകളിൻ മേൽ മൊറട്ടോറിയം ഏർപ്പെടുത്തിയും കാർഷിക കടാശ്വാസ കമ്മീഷൻ, കർഷക ക്ഷേമനിധി ബോർഡ് എന്നിവയിലൂടെ കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും കർഷക ക്ഷേമത്തിന് ഉതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | കർഷകരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നുണ്ട്. |
| (സി) | കർഷകർക്കുണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിനും തുടർകൃഷിക്ക് ആവശ്യമായ സാഹചര്യം ഒരുക്കുന്നതിനും മണ്ണിടിച്ചിലുണ്ടായ സ്ഥലങ്ങളിലെ കൃഷി ഭൂമികൾ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പഞ്ചായത്തുകളിൽ മണ്ണ് പരിശോധനാ ക്യാമ്പയിൻ നടത്തുകയും, കുമ്മായം, ജൈവവളം എന്നിവ വിതരണം നടത്തുകയും ചെയ്തു. കൂടാതെ തൊഴിലുറപ്പുമായി ബന്ധപ്പെട്ട് കയ്യാല പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുകയും, വിത്ത് നടീൽ വസ്തുക്കൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഉല്പാദന വർദ്ധനവിനും വിള വിസ്തൃതി വർദ്ധനവിനും സഹായകരമായ പദ്ധതികളോടൊപ്പം കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായ വില ലഭ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിനായി കാർഷിക വിപണികളിലൂടെ കാർഷിക ഉത്പന്ന സംഭരണവും കൂടാതെ അടിസ്ഥാന വില ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ മുതലായവ മുഖേന അവിചാരിതമായ കാരണങ്ങളാൽ ഉണ്ടാകുന്ന കൃഷിനാശം നേരിടാനായി സംസ്ഥാന കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതികളും വിളനാശത്തിനുള്ള ആനുകൂല്യം നൽകുന്ന പദ്ധതികളും നടപ്പിലാക്കുന്നു. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കിയും കാലാകാലങ്ങളിൽ വായ്പകളിൻ മേൽ മൊറട്ടോറിയം ഏർപ്പെടുത്തിയും കാർഷിക കടാശ്വാസ കമ്മീഷൻ, കർഷക ക്ഷേമനിധി ബോർഡ് എന്നിവയിലൂടെ കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെട്ടും കർഷക ക്ഷേമത്തിന് ഉതകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി കർഷകരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പ്രകൃതിക്ഷോഭ ദുരിതാശ്വാസം | | | |
|---|---|---|---|
| കൃഷിഭവൻ | കർഷകരുടെ എണ്ണം | നൽകിയ നഷ്ടപരിഹാരം (രൂപ) | റിമാർക്സ് |
| മുണ്ടക്കയം | 57 | 630463 | AIMS Portal/ DBT മുഖാന്തിരം നഷ്ടപരിഹാരം അർഹരായവർക്ക് ലഭിച്ചിട്ടുണ്ട്. |
| കൂട്ടിക്കൽ | 151 | 2236719 | |
| കോരുത്തോട് | 21 | 81618 | |
| പാറത്തോട് | 36 | 232539 | |
| എരുമേലി | 41 | 269740 | |
| പൂഞ്ഞാർ തെക്കേക്കര | 105 | 1531293 | |
| തിടനാട് | 12 | 57388 | |
| തീക്കോയ് | 5 | 17050 | |
| പൂഞ്ഞാർ | 8 | 52625 | |
| **ആകെ** | **436** | **5109435** | |

| മണ്ണിടിച്ചിൽ | | | |
|---|---|---|---|
| കൃഷിഭവൻ | കർഷകരുടെ എണ്ണം | നഷ്ടപരിഹാരം (രൂപ) | റിമാർക്സ് |
| മുണ്ടക്കയം | 4 | 38625 | ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാര തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| കൂട്ടിക്കൽ | 79 | 630375 | |
| കോരുത്തോട് | 10 | 40050 | |
| പാറത്തോട് | 2 | 7500 | |
| എരുമേലി | 6 | 15750 | |
| പൂഞ്ഞാർ തെക്കേക്കര | 55 | 397500 | |
| **ആകെ** | **156** | **1129800** | |

| വിള ഇൻഷ്വറൻസ് | | | |
|---|---|---|---|
| കൃഷിഭവൻ | കർഷകരുടെ എണ്ണം | നഷ്ടപരിഹാരം (രൂപ) | റിമാർക്സ് |
| മുണ്ടക്കയം | 1 | 1800 | ഫണ്ട് ലഭ്യമാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| പാറത്തോട് | 1 | 2550 | |
| എരുമേലി | 2 | 13725 | |
| പൂഞ്ഞാർ തെക്കേക്കര | 1 | 3100 | |
| തിടനാട് | 1 | 3100 | |
| **ആകെ** | **6** | **24275** | |

**സെക്ഷൻ ഓഫീസർ**